ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.07.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) രാജസ്ഥാനിൽ 1.06 ലക്ഷം കോടിയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു; ഗുജറാത്തിൽ സെമികണ്ടക്ടർ അസംബ്ലി ആൻറ് ടെസ്റ്റിങ് പ്ലാൻറും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

**PM Modi launches development projects worth 1.06 lakh crore rupees in Rajasthan; also inaugurates semiconductor plant in Gujarat.**

2.) പാർലമെൻറിൻറെ വർഷകാല സമ്മേളനം ഈ മാസം 20-ന് ആരംഭിക്കും; അടുത്ത മാസം 13 വരെയാണ് സമ്മേളനം.

**Monsoon session of Parliament begins on July 20; session to continue till August 13.**

3.) ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 38,000 കോടി കടന്നു; സർവകാല റെക്കോർഡെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ്സിങ്.

**India's defence exports cross 38,000 crore rupees; Defence Minister Rajnath Singh terms it an all-time high.**

4.) ലഹരി മുക്ത ഭാരതം ലക്ഷ്യമിട്ട് കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ദേശീയ കർമ്മപദ്ധതി പ്രഖ്യാപിച്ചു.

**The Ministry of Social Justice announces a National Action Plan for a drug-free India.**

5.) **കേരളത്തിൽ വ്യാപക മഴ; ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യബന്ധനത്തിന് വിലക്ക്.**

**Widespread rain lashes Kerala; yellow alert in all districts today, fishing banned off Kerala, Karnataka and Lakshadweep coasts.**

6.) **ഫിഫ ലോകകപ്പിൽ പ്രീക്വാർട്ടർ പോരാട്ടങ്ങൾക്ക് ഇന്ന് തുടക്കമാകും; ആദ്യ മത്സരത്തിൽ കാനഡ മൊറോക്കോയെ നേരിടും.**

**FIFA World Cup pre-quarter finals begin today; Canada face Morocco in the opening clash.**

********************

## EVE GUJARAT-PM (INTRO)

ഗുജറാത്തിലെ സാനന്ദിൽ, CG Semi Outsourced Semiconductor Assembly and Test സൗകര്യം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സെമികണ്ടക്ടർ മിഷന് കീഴിൽ 7,500 കോടിയിലധികം രൂപയുടെ നിക്ഷേപത്തോടെയാണ് ഈ കേന്ദ്രം വികസിപ്പിച്ചിരിക്കുന്നത്. പൂർണ്ണ സജ്ജമാകുന്നതോടെ, ഈ കേന്ദ്രത്തിന് പ്രതിവർഷം 500 കോടി സെമികണ്ടക്ടർ ചിപ്പുകൾ വരെ ഉത്പാദിപ്പിക്കാനുള്ള ശേഷിയുണ്ടാകും. രാജ്യത്തെ സെമികണ്ടക്ടർ ഹബ്ബാക്കുകയെന്ന ലക്ഷ്യം യാഥാർത്ഥ്യമാവുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

********************

## NEW PM-RAJASTHAN (INTRO)

രാജസ്ഥാനിലെ ബലോത്രയിൽ ഒരു ലക്ഷത്തി ആറായിരം കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത റിഫൈനറി ഉൾപ്പെടെയുള്ള പെട്രോകെമിക്കൽ, റെയിൽവേ, റോഡ്, പുനരുപയോഗ ഊർജ്ജ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. **വിശദാംശങ്ങളിലേക്ക്......**

(വോയ്സ്)

********************

## NEW PM-RAJASTHAN (VOICE)

പതിമൂവായിരം കോടി രൂപ ചെലവ് വരുന്ന ജയ്പൂർ മെട്രോ രണ്ടാം ഘട്ടത്തിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവ്വഹിച്ചു. 480 കോടി രൂപ ചെലവിൽ നിർമ്മിച്ച ജോധ്പൂർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം ഉദ്ഘാടനം ചെയ്ത അദ്ദേഹം, റീജിയണൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനായുള്ള പരിഷ്കരിച്ച 'ഉഡാൻ' (UDAN) പദ്ധതിക്കും തുടക്കം കുറിച്ചു. ചടങ്ങിൽ രാജസ്ഥാൻ സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 54,000 യുവാക്കൾക്കുള്ള നിയമന ഉത്തരവുകളും പ്രധാനമന്ത്രി കൈമാറി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ഊർജ്ജ പ്രതിസന്ധിയെ രാജ്യം വിജയകരമായി മറികടന്നതായി ചടങ്ങിൽ സംസാരിക്കവെ പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 2030-ഓടെ ഇന്ത്യയുടെ റിഫൈനിംഗ് ശേഷി പ്രതിവർഷം 320 ദശലക്ഷം മെട്രിക് ടണ്ണായി ഉയരുമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി ചടങ്ങിൽ വ്യക്തമാക്കി.

**ന്യൂസ് ഡെസ്ക്, ആകാശവാണി........**

********************

## PM-VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ വിദേശ പര്യടനം തിങ്കളാഴ്ച ആരംഭിക്കും. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങൾ സന്ദർശിക്കും. ഈ മാസം 6 മുതൽ 8 വരെ ഇന്തോനേഷ്യ സന്ദർശിക്കുന്ന അദ്ദേഹം സമുദ്ര സുരക്ഷാ സഹകരണം ചർച്ച ചെയ്യും. തുടർന്ന് ഓസ്ട്രേലിയയിലെ മെൽബണിലെത്തുന്ന പ്രധാനമന്ത്രി, ഇരുരാജ്യങ്ങളും തമ്മിലുള്ള വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഈ മാസം 10, 11 തീയതികളിൽ അദ്ദേഹം ന്യൂസിലാൻഡിലെത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

********************

## RIJIJU- MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനം ജൂലൈ 20 മുതൽ ഓഗസ്റ്റ് 13 വരെ ചേരും. ഇത് സംബന്ധിച്ച സർക്കാരിന്റെ ശുപാർശയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. ദേശീയ പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ ഊന്നിയുള്ള ചർച്ചകൾക്കും തീരുമാനങ്ങൾക്കുമാകും ഈ സമ്മേളനത്തിൽ മുൻഗണന നൽകുക.

********************

## RAJNATH - DEFENCE EXPORT

ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 38,000 കോടി രൂപ കടന്ന് സർവ്വകാല റെക്കോർഡിലെത്തിയതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. 2013-14 സാമ്പത്തിക വർഷത്തിൽ വെറും 686 കോടിയായിരുന്ന കയറ്റുമതിയിൽ 57 ഇരട്ടിയുടെ വർദ്ധനയാണുണ്ടായത്. ഇത് 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിലുള്ള ആഗോള വിശ്വാസത്തെയാണ് കാണിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. 2025-26 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ വാർഷിക പ്രതിരോധ ഉത്പാദനം 1.78 ലക്ഷം കോടി രൂപയിലെത്തി.

********************

## VIRENDRA KUMAR - NAPDDR

ലഹരി ഉപയോഗം തടയുന്നതിനും ബോധവൽക്കരണം, ചികിത്സ, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനുമായി കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ദേശീയ കർമ്മപദ്ധതി പ്രഖ്യാപിച്ചു. രാജ്യത്ത് ഏഴ് കോടിയിലധികം ആളുകൾ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നും ഇതിനെതിരെ കേന്ദ്ര-സംസ്ഥാന സർക്കാരുകളും പൊതുജനങ്ങളും ഒരുമിച്ച് പോരാടണമെന്നും കേന്ദ്രമന്ത്രി ഡോ. വീരേന്ദ്ര കുമാർ പറഞ്ഞു. ലഹരിമുക്ത ചികിത്സ തേടിയെത്തുന്നവരുടെ എണ്ണത്തിൽ 294 ശതമാനത്തിന്റെ വർദ്ധനയുണ്ടായതായി മന്ത്രാലയം വ്യക്തമാക്കി.

********************

## GOVT - ONION PRICE

വിലക്കയറ്റം തടയുന്നതിനുള്ള ബഫർ സ്റ്റോക്കിലേക്കായി സവാളയുടെ സംഭരണ വില കേന്ദ്ര സർക്കാർ ക്വിൻറലിന് 1,875 രൂപയിൽ നിന്ന് 2,125 രൂപയായി ഉയർത്തി. പുതുക്കിയ നിരക്ക് ഇന്നുമുതൽ പ്രാബല്യത്തിൽ വന്നു. നാഫെഡ്, എൻ.സി.സി.എഫ് എന്നീ ഏജൻസികൾ വഴിയാണ് സംഭരണം. രാജ്യത്ത് നിലവിൽ സവാള ക്ഷാമമില്ലെന്നും കിലോഗ്രാമിന് ശരാശരി 31 രൂപയാണ് ചില്ലറ വിലയെന്നും ഉപഭോക്തൃ മന്ത്രാലയം അറിയിച്ചു. സവാള കയറ്റുമതി സാധാരണ നിലയിലാണ്.

********************

## WEATHER - KERALA

കേരളത്തിൽ വ്യാപക മഴ. ഇന്ന് എല്ലാ ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം , ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെയും കർണാടക തീരത്ത് ഇന്നും നാളെയും മൽസ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

********************

## FIFA WORLDCUP

ഫിഫ ലോകകപ്പിൽ പ്രീക്വാർട്ടർ പോരാട്ടങ്ങൾക്ക് ഇന്ന് തുടക്കമാകും. ടെക്സസിലെ ഹൂസ്റ്റണിൽ ഇന്ന് രാത്രി നടക്കുന്ന ആദ്യ മത്സരത്തിൽ കാനഡ മൊറോക്കോയെ നേരിടും. ഇന്ത്യൻ സമയം രാത്രി 10:30-നാണ് മത്സരം ആരംഭിക്കുന്നത്. മറ്റൊരു പ്രീക്വാർട്ടർ മത്സരത്തിൽ പരാഗ്വേ ഫ്രാൻസിനെ നേരിടും. പുലർച്ചെ 02:30-നാണ് മത്സരം.

********************

## CRICKET

ഇന്ത്യ ഇംഗ്ലണ്ട് രണ്ടാം ടി-20 മത്സരം മാഞ്ചസ്റ്ററിൽ ആരംഭിച്ചു. ആദ്യ മത്സരം കനത്ത മഴയെത്തുടർന്ന് ഉപേക്ഷിച്ചിരുന്നതിനാൽ ഇരു ടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 6 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 65 റൺ എടുത്തിട്ടുണ്ട്.

********************

## REV – GOYAL – SWARAJ – 17TH TOY BIZ EXPO (INTRO)

രാജ്യത്തേക്കുള്ള കളിപ്പാട്ട ഇറക്കുമതി വൻതോതിൽ കുറഞ്ഞതായും ആഭ്യന്തര കളിപ്പാട്ട വിപണിയുടെ ഭൂരിഭാഗവും ഇപ്പോൾ കൈകാര്യം ചെയ്യുന്നത് മെയ്ഡ് ഇൻ ഇന്ത്യ ഉൽപ്പന്നങ്ങളാണെന്നും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടക്കുന്ന പതിനേഴാമത് Toy Biz International B2B Expo-യെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**വോയിസ്...**

നാല് ദിവസത്തെ എക്സ്പോ ഈ മാസം ഏഴിന് അവസാനിക്കും. നാൽപ്പതിലധികം രാജ്യങ്ങളാണ് മേളയിൽ പങ്കെടുക്കുന്നത്.

********************

## GOVT-TELEGRAM

ചലച്ചിത്രങ്ങളുടെയും O.T.T .ഉള്ളടക്കങ്ങളുടെയും വ്യാപകമായ വ്യാജപതിപ്പുകൾ പ്രചരിക്കുന്നതിനെതിരെ മെസ്സേജിങ് ആപ്പായ ടെലിഗ്രാമിന് കേന്ദ്ര സർക്കാർ നോട്ടീസ് അയച്ചു. വ്യാജ ഉള്ളടക്കങ്ങൾ തടയാൻ ഉടൻ നടപടി സ്വീകരിക്കണമെന്നും, എടുത്ത നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചു. ചലച്ചിത്ര വ്യവസായത്തെയും O.T.T പ്ലാറ്റ്ഫോമുകളെയും നിർമ്മാതാക്കളെയും സംരക്ഷിക്കുകയാണ് ഈ നടപടിയുടെ ലക്ഷ്യം.

********************

## INDIAN ARMY – UN MEDAL

ആഗോള സമാധാന പരിപാലന രംഗത്തെ മികച്ച സംഭാവനകൾ പരിഗണിച്ച് കോംഗോയിൽ സേവനമനുഷ്ഠിക്കുന്ന 651 ഇന്ത്യൻ സൈനികർക്ക് യുഎൻ മെഡൽ സമ്മാനിച്ചു. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലെ സേക് (Sake) ഓപ്പറേറ്റിംഗ് ബേസിൽ നടന്ന ചടങ്ങിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്. ഐക്യരാഷ്ട്രസഭയുടെ കോംഗോയിലെ സമാധാന

ദൗത്യത്തിൽ സൈനികർ കാഴ്ചവെച്ച പ്രൊഫഷണലിസവും മികച്ച സേവനവുമാണ് ആദരിക്കപ്പെട്ടത്.

********************

## JITENDRA- LIVER EPIDEMIC

ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന കരൾ രോഗങ്ങൾക്കും ടൈപ്പ്-2 പ്രമേഹത്തിനുമെതിരെ പ്രതിരോധ ആരോഗ്യസംരക്ഷണത്തിലും ജനബോധവൽക്കരണത്തിലും ഊന്നിയുള്ള ദേശീയ ദൗത്യത്തിന് ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്ര സിംഗ് ആഹ്വാനം ചെയ്തു. ജനിതക ഘടനയും അമിതവണ്ണവും കാരണം ഇന്ത്യൻ ജനതയ്ക്ക് പ്രമേഹം, ഫാറ്റി ലിവർ, ഹൃദ്രോഗങ്ങൾ എന്നിവയ്ക്കുള്ള സാധ്യത കൂടുതലാണെന്നും, ശാസ്ത്രീയ മുന്നേറ്റങ്ങൾക്കൊപ്പം ജനങ്ങളുടെ ജീവിതശൈലിയിലും മാറ്റം വന്നാൽ മാത്രമേ ഈ വെല്ലുവിളിയെ മറികടക്കാനാകൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

********************

## NAIDU - UDAN SCHEME

പരിഷ്കരിച്ച ഉഡാൻ പദ്ധതി, രാജ്യത്തെ പ്രാദേശിക വ്യോമയാന മേഖലയുടെ പുതിയ അധ്യായത്തിന് തുടക്കമിടുമെന്ന് സിവിൽ ഏവിയേഷൻ മന്ത്രി റാം മോഹൻ നായിഡു. 28,840 കോടിയിലധികം രൂപ ചെലവിൽ നടപ്പാക്കുന്ന ഈ പദ്ധതി, ചെറു നഗരങ്ങളിലേക്കുള്ള വ്യോമബന്ധം കൂടുതൽ ശക്തമാക്കുമെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

********************

## RAJASTHAN E-GOV CONFERENCE

29-ാമത് ദേശീയ ഇ-ഗവേണൻസ് കോൺഫറൻസ് രാജസ്ഥാനിലെ ജയ്പൂരിൽ ആരംഭിച്ചു. രണ്ട് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനം രാജസ്ഥാൻ മുഖ്യമന്ത്രി ഭജൻ ലാൽ ശർമ്മ ഉദ്ഘാടനം ചെയ്തു. സ്റ്റാർട്ടപ്പുകളും അക്കാദമിക് വിദഗ്ധരും ഉൾപ്പെടെ 2700-ലധികം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺഫറൻസിൽ നിർമ്മിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകൾ ചർച്ചയാകും. സമ്മേളനം നാളെ സമാപിക്കും.

********************